3. കണ്ണൂർ ജില്ലയിലെ എക്സൈസ് ഗാർഡ് നിയമനത്തിലുണ്ടായ ക്രമക്കേട് സംബന്ധിച്ച കേസ്സിൽ മുൻ മന്ത്രി ശ്രീ. എം.ആർ. രഘുചന്ദ്രബാലിനെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് ഗവർണ്ണറുടെ അനുമതി ലഭിച്ചിട്ടുണ്ട്.

4. അഴിമതി നിരോധന ബ്യൂറോയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പാമോയിൽ ഇറക്കുമതിയിലെ അഴിമതി സംബന്ധിച്ച കേസ്സിൽ മുൻ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ, മുൻ ഭക്ഷ്യവകുപ്പുമന്ത്രി ശ്രീ. ടി.എച്ച്. മുസ്തഫ എന്നിവരെ പ്രോസിക്യൂട്ട് ചെയ്യുന്നതിനും ഗവർണ്ണറുടെ അനുമതി ലഭിച്ചിട്ടുണ്ട്.

(ജി) ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റിന്റെ കരാർ സംബന്ധിച്ച് ജസ്റ്റിസ് പി. ഭാസ്കരൻ നമ്പ്യാർ കമ്മിഷൻ റിപ്പോർട്ടിൽ ബ്രഹ്മപുരം ഡീസൽ പവർ പ്രോജക്ടിനുണ്ടായ നഷ്ടത്തിന് മുൻ മന്ത്രി ശ്രീ. സി.വി.പത്മരാജൻ മുതലായവർ ഉത്തരവാദിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടന്നുവരുന്നു. ഇടമലയാർ പ്രോജക്ടിന്റെ കരാർ റീകേഷ് സംബന്ധിച്ച ജസ്റ്റിസ് കെ. സുകുമാരൻ കമ്മിഷന്റെ റിപ്പോർട്ടിൽ മുൻമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും മറ്റുചിലരും കുറ്റക്കാരാണെന്ന് തെളിഞ്ഞിട്ടുണ്ട്.

(എച്ച്)&(ഐ) ഇടമലയാർ കേസ്സിനുള്ള സ്പെഷ്യൽ ജഡ്ജി മുൻ മന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ അഞ്ചുവർഷം കഠിനതടവിന് ശിക്ഷിക്കുകയുണ്ടായി. 11-11-1999-ലെ ഉത്തരവ് പ്രകാരം ഹൈക്കോടതി പ്രസ്തുത ശിക്ഷ ആറുമാസത്തേയ്ക്ക് സസ്പെന്റു ചെയ്തിട്ടുണ്ട്.

കൊച്ചിയിൽ സുപ്രീംകോടതിബഞ്ചും കണ്ണൂരിലും തിരുവനന്തപുരത്തും ഹൈക്കോടതിബഞ്ചും സ്ഥാപിക്കാനുള്ള നടപടി.

23 (23)ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ സുപ്രീംകോടതിയുടെ ഒരു ബഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണ്;

(ബി) കൊച്ചിയിൽ സുപ്രീംകോടതി ബഞ്ച് സ്ഥാപിക്കണമെന്ന് സർക്കാർ കേന്ദ്രസർക്കാരിനോടവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യപ്പെടുമോ;

(സി) തിരുവനന്തപുരത്തും കണ്ണൂരും ഹൈക്കോടതി ബഞ്ചുകൾ സ്ഥാപിക്കണമെന്നുള്ള പൊതുജനാഭിപ്രായം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ സർക്കാരിന്റെ നയമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) കൊച്ചിയിൽ സുപ്രീംകോടതി ബഞ്ച് സ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടില്ല. ഇപ്പോൾ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണമെന്ന ഭൂർത്ഥിച്ച് 1958-ൽ തന്നെ കേരള നിയമസഭ പ്രമേയം പാസാക്കി കേന്ദ്ര സർക്കാരിനയച്ചിട്ടുണ്ട്. 1996-ലും 1997-ലും ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന് എഴുതിയിട്ടുണ്ട്. കേന്ദ്ര നിയമമന്ത്രിയിൽനിന്നും ഇപ്പോൾ സർക്കാരിന് ലഭിച്ച കത്തിൽ ആവശ്യപ്പെട്ടിട്ടുള്ളപോലെ തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ഹൈക്കോടതിയുടെ അഭിപ്രായം ലഭിച്ചശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കൊടുവള്ളിയിൽ മുൻസിഫ് കോടതിയും സബ് കോടതിയും അനുവദിക്കണമെന്ന ആവശ്യം

24 (24)<u>ശ്രീ. സി. മോയിൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളിയിൽ മുൻസിഫ് കോടതിയും സബ് കോടതിയും അനുവദിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കൊടുവള്ളിയിൽ ഒരു ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി അനുവദിക്കണമെന്ന ആവശ്യത്തിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ കോടതികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കൊടുവള്ളിയിൽ മുൻസിഫ് കോടതിയും ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റു കോടതിയും ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ അഭിപ്രായം തേടിയിട്ടുണ്ട്.

(സി) ഇക്കാര്യം ഹൈക്കോടതിയുടെ സജീവ പരിഗണനയിലാണ്.

(ഡി) ഹൈക്കോടതിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

ഉദ്യോഗ നിയമനങ്ങളിൽ ഉപസംവരണം

25 (25)<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഉദ്യോഗ നിയമനങ്ങളിലെ ഉപസംവരണം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെന്നു വ്യക്തമാക്കുമോ;

(സി) ഇതിലേക്കുവേണ്ടി കിർത്താഡ്സിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly